## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 453** **01-07-2013 ൽ മറുപടിക്ക്**

## വനം കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" സാജുപോൾ<br>" എസ്. രാജേന്ദ്രൻ<br>" കെ.വി. വിജയദാസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വൻ തോതിൽ വനംകയ്യേറ്റം നടക്കുന്നതായി കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ടു ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. 2012 മെയ് മാസത്തിൽ വയനാട്ടിൽ ഉണ്ടായ ആദിവാസി കയ്യേറ്റ ശ്രമങ്ങളൊഴികെ സംസ്ഥാനത്ത് മറ്റ് വനം കയ്യേറ്റങ്ങൾ നടന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) സംസ്ഥാനത്തെ വനവിസ്തൃതിയിൽ വന്ന മാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനത്തിന്റെ വന വിസ്തൃതിയിൽ മാറ്റമുണ്ടായിട്ടില്ല. എന്നാൽ അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനാവരണത്തിൽ 24.ച.കി. കുറവ് വന്നിട്ടുണ്ട്. |
| (സി) കേരളത്തിൽ എത്ര ഏക്കർ വനഭൂമിയിൽ കയ്യേറ്റം നടന്നതായി കരുതുന്നു; ഈ ഭൂമി വൻകിട കയ്യേറ്റക്കാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) 01-01-1977-ന് ശേഷം 4464 ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ട്. വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇതിനു പുറമെ വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും കയ്യാല സ്ഥാപിച്ചും റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇതിനായി രൂപീകരിക്കപ്പെട്ട സർക്കിൾതല കമ്മിറ്റികളും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ